# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പ്രവാസികളുടെ പങ്കാളിത്തം നിർണ്ണായകമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

   **President Draupadi Murmu says the participation of the Indian diaspora is crucial in achieving the goal of a developed India.**

2. സർക്കാർ പദ്ധതികൾ പൂർണ്ണമായും ഗുണഭോക്താക്കളിൽ എത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi wants government schemes to reach the beneficiaries in full.**

3. രാജ്യത്ത് ശക്തമായ പ്രതിരോധ വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says steps are being taken to create a strong defence industrial ecosystem in the country.**

4. പരിസ്ഥിതി സൗഹൃദമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ മലിനീകരണം ലഘൂകരിക്കണമെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ.

Union Minister of State L. Murugan wants to reduce pollution by implementing eco-friendly methods.

5. **വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഞ്ചരിക്കുന്ന രോഗനിർണ്ണയ പരിശോധന യൂണിറ്റ് തിങ്കളാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ്ഓഫ് ചെയ്യും.**

Chief Minister Pinarayi Vijayan will flag off the mobile diagnostic testing unit of the Virology Institute in Thiruvananthapuram on Monday.

6. **അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് 6 വിക്കറ്റ് ജയം.**

India wins the first match of the women's ODI cricket series against Ireland by 6 wickets.

&&&&&&&&&&&&&&&&&&

## PRESIDENT (INTRO)

രാജ്യം വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിലാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രവാസികൾ ഉൾപ്പെടെ എല്ലാ ഇന്ത്യക്കാരുടെയും പങ്കാളിത്തം ആവശ്യമാണെന്നും രാഷ്ട്രപതി പറഞ്ഞു. ഒഡീഷയിലെ ഭുവനേശ്വറിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

*(ഹോൾഡ് വോയ്സ്.....)*

വിവിധ മേഖലകളിൽ മികവ് കാട്ടിയവർക്കുള്ള പ്രവാസി ഭാരതീയ പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്യു.

&&&&&&&&&&&&&&&&&&

**PM-INTERVIEW EARLY**

സർക്കാർ പദ്ധതികൾ പൂർണ്ണമായും ഗുണഭോക്താക്കളിൽ എത്തണമെന്നും അതാണ് യഥാർത്ഥ സാമൂഹിക നീതിയും മതേതരത്വവുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. വെള്ളം, വൈദ്യുതി, ശൗചാലങ്ങൾ തുടങ്ങിയവ ഉൾപ്പെടെ എല്ലാ പ്രശ്നങ്ങൾക്കും വികസിത ഭാരതത്തിന് മുന്നോടിയായി 2047ഓടെ പരിഹാരം ഉണ്ടാകണമെന്നും പ്രധാനമന്ത്രി. സംരംഭകനായ നിഖിൽ കാമത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

**RAJNATH-AERO INDIA**

രാജ്യത്ത് ശക്തമായ പ്രതിരോധ വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി സർക്കാർ പരിഷ്ക്കരണ നടപടികൾ സ്വീകരിച്ചു വരികയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. എയ്റോ ഇന്ത്യ 2025-ന് മുന്നോടിയായി ന്യൂഡൽഹിയിൽ നടന്ന

അംബാസഡർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ, ബഹിരാകാശ മേഖലകളിലെ രാജ്യത്തിൻ്റെ മുന്നേറ്റങ്ങളെ ഉയർത്തിക്കാട്ടിയ കേന്ദ്രമന്ത്രി മികച്ചതും അത്യാധുനികവുമായ സാങ്കേതികവിദ്യകളുടെ വിജയകരമായ വികസനത്തിന് ഊന്നൽ നൽകണമെന്നും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## GOVERNMENT-TAX DEVOLUTION

നികുതി വിഹിതമായി കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷത്തി 73,030 കോടി രൂപ അനുവദിച്ചു. കഴിഞ്ഞ വർഷം ഡിസംബറിൽ 89,086 കോടി രൂപയാണ് അനുവദിച്ചിരുന്നത്. പദ്ധതി ചെലവ് , വികസനം, ക്ഷേമ പദ്ധതികൾ എന്നിവയ്ക്കാണ് ഈ മാസം അധിക തുക അനുവദിച്ചിട്ടുള്ളതെന്ന് കേന്ദ്ര ധന മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## ASHWINI VAISHNAV ICF

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ചെന്നൈയിലെ ഇൻറഗ്രൽ കോച്ച് ഫാക്ടറി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. അമൃത് ഭാരത് കോച്ചുകൾ ഉൾപ്പെടെ, വികസന കാര്യങ്ങൾ സംബന്ധിച്ച് അദ്ദേഹം ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി. കുറഞ്ഞ

വരുമാനം ഉള്ളവർക്കായി 50 പുതിയ ട്രെയിനുകൾ രണ്ട് വർഷത്തിനുള്ളിൽ സർവീസ് തുടങ്ങുമെന്ന് അദ്ദേഹം പറഞ്ഞു. വന്ദേഭാരത് ട്രെയിനുകളിലെ പുതിയ സൗകര്യങ്ങൾ മന്ത്രി വിലയിരുത്തി. മോഡുലർ ടോയ് ലറ്റുകൾ, അഗ്നിരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വന്ദേഭാരതിലെ പുതിയ സൗകര്യങ്ങളാണ്.

&&&&&&&&&&&&&&&&&&&

**L.MURUGAN KOLLAM- INTRO**

പരിസ്ഥിതി സൗഹൃദമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ മലിനീകരണം ലഘൂകരിക്കണമെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുഗൻ. കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിൽ സുഗത സൂക്ഷ്മവനം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിൽ വിദ്യാർത്ഥികൾക്ക് നിർണ്ണായക പങ്കുവഹിക്കാനാകുമെന്നും ശ്രീ മുരുഗൻ അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയിസ്)

&&&&&&&&&&&&&&&&&&&

**CM-KERALA**

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ സഞ്ചരിക്കുന്ന രോഗനിർണ്ണയ പരിശോധന യൂണിറ്റ് തിങ്കളാഴ്ച രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് പരിസരത്ത് ഫ്ലാഗ്ഓഫ് ചെയ്യും. വൈറൽ രോഗങ്ങളും മറ്റു പകർച്ചവ്യാധികളും ഉണ്ടാകുമ്പോൾ രോഗബാധിത സ്ഥലങ്ങളിൽ നിന്ന് സാമ്പിൾ ശേഖരണം ക്രമീകരിക്കുന്നതിനും ഉചിതമായ സാഹചര്യങ്ങളിൽ സാമ്പിളുകൾ പരിശോധനാ സൗകര്യത്തിലേക്ക് മാറ്റുന്നതിനും യൂണിറ്റ് സഹായകരമാകും.

&&&&&&&&&&&&&&&&&&&

## WOMENS CRICKET

അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് 6 വിക്കറ്റ് ജയം. അയർലന്റ് ഉയർത്തിയ 238 റൺ വിജയലക്ഷ്യം 34.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം മത്സരം ഞായറാഴ്ചയും ഫൈനൽ പോരാട്ടം ഈ മാസം 15 നുമാണ്.

&&&&&&&&&&&&&&&&&&&

## ISL FOOTBALL

ഐ.എസ്.എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്- പഞ്ചാബ് എഫ്.സി പോരാട്ടം. അസം

തലസ്ഥാനമായ ഗുവഹത്തിയിലെ ഇന്ദിരാഗാന്ധി അത്ലറ്റിക് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&&

## TABLE TENNIS – STAR CONTENDER

ലോക ടേബിൾ ടെന്നീസ് സ്റ്റാർ കണ്ടൻ്റർ ടൂർണമെൻ്റ് വനിതാ സിംഗിൾസ് പ്രീക്വാർട്ടറിൽ ഇന്ത്യയുടെ ശ്രീജ അകുലയ്ക്ക് പരാജയം. ചൈനീസ് താരം ക്വിയാൻ ടിയാനിയോട് 0-3 നാണ് ശ്രീജയുടെ തോൽവി. ഇതോടെ ടൂർണമെൻ്റിൽ ഇന്ത്യയുടെ പ്രതീക്ഷ അവസാനിച്ചു.

&&&&&&&&&&&&&&&&&&&

## P JAYACHANDRAN

ഇന്നലെ അന്തരിച്ച ഭാവഗായകൻ പി ജയചന്ദ്രൻറെ സംസ്കാരം നാളെ പറവൂരുള്ള വീട്ടിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടക്കും. കലാ രാഷ്ട്രീയ സാമൂഹ്യ മേഖലകളിലെ പ്രമുഖർ അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തി. മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു എന്നിവർ റീത്ത് സമർപ്പിച്ചു.

&&&&&&&&&&&&&&&&&&&

## STOCKS CLOSE

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 241 പോയിൻ്റ് താഴ്ന്ന് 77,379

ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 95 പോയിൻ്റ് നഷ്ടത്തിൽ 23,431 ലും വ്യാപാരം അവസാനിപ്പിച്ചു.

&&&&&&&&&&&&&&&&&&

## IIP- NOVEMBER

രാജ്യത്തെ വ്യാവസായിക ഉത്പാദനത്തിൽ പുരോഗതി. ഒക്ടോബറിലെ 3.2 ശതമാനത്തിൽ നിന്ന് നവംബറിൽ 5.2 ശതമാനമാണ് ഇൻഡസ്ട്രിയിൽ ഔട്ട്പുട്ടെന്നും കഴിഞ്ഞ ആറു മാസത്തെ ഏറ്റവും ഉയർന്ന നിലയാണ് ഇതെന്നും സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. നിർമ്മാണ മേഖല 5.8 ശതമാനം വളർച്ച നേടി. വൈദ്യുത ഉത്പാദനം 4.4 ശതമാനവും ഖനന മേഖല 1.9 ശതമാനവും വളർച്ച കൈവരിച്ചു.

&&&&&&&&&&&&&&&&&&

## MAHAKUMBH

ഉത്തർപ്രദേശിൽ തിങ്കളാഴ്ച ആരംഭിക്കുന്ന മഹാ കുംഭമേളക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മേള നടക്കുന്ന പ്രധാന നദികളുടെ തീരം പന്ത്രണ്ട് കിലോമീറ്റർ ചുറ്റളവിൽ സ്നാന ചടങ്ങുകൾക്കായി തയ്യാറാക്കിയിട്ടുണ്ട്. മേളയുടെ സുസ്ഥിരവും സുഗമവുമായ നടത്തിപ്പിന് ആധുനിക സാങ്കേതിക വിദ്യയ്ക്കൊപ്പം പാരമ്പര്യ വിദ്യകളും സംയോജിപ്പിച്ചിട്ടുണ്ട്. ഹരിത മേള എന്ന ആശയത്തിനായി

ശൗചാലയങ്ങൾ, ചവറ്റുകുട്ട തുടങ്ങിയവയും തയ്യാറാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**IMD WEATHER**

കനത്ത മൂടൽ മഞ്ഞിനെ തുടർന്ന് ഡൽഹിയിലേക്കുള്ള 26 ട്രെയിനുകൾ വൈകിയോടുന്നു. ഇന്ദിരാ ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 100ലേറെ വിമാനങ്ങളും വൈകി.

&&&&&&&&&&&&&&&&&&

**INDIA-CUBA ASSISTANCE-**

റാഫേൽ ചുഴലിക്കാറ്റ് നാശം വിതച്ച ക്യൂബയിലെ ജനങ്ങൾക്ക് മാനുഷിക സഹായം നൽകി ഇന്ത്യ. ആൻറിബയോട്ടിക്കുകൾ, പനി മരുന്നുകൾ, വേദന സംഹാരികൾ, ഒആർഎസ് എന്നിവ ഉൾപ്പെടുന്ന അവശ്യമരുന്നുകളുടെ വൻശേഖരം ഇന്ന് ക്യൂബയിലേക്ക് അയച്ചതായി കേന്ദ്ര വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

**US- WILDFIRE**

അമേരിക്കയിൽ ലോസ് ഏഞ്ചൽസിലും സമീപ പ്രദേശങ്ങളിലും പടരുന്ന കാട്ടുതീയിൽ പത്തിലേറെ പേർ മരിച്ചു. കൃത്യമായ മരണവിവരം

ലഭ്യമായിട്ടില്ല. പ്രദേശത്തെ ഒരു ലക്ഷത്തി 80,000 - ത്തോളം ആളുകളോട് ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വീടുകളും സ്കൂളുകളും ഉൾപ്പെടെ 5,300 ഓളം കെട്ടിടങ്ങൾ കത്തി നശിച്ചു.

&&&&&&&&&&&&&&&&&&

## HINDI SAMMELAN

ശ്രീലങ്കയിലെ ആദ്യത്തെ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സിന് കൊളംബോയിൽ നടന്ന പ്രഥമ ഭാരത്- ശ്രീലങ്കൻ ഹിന്ദി സമ്മേളനത്തിൽ തുടക്കമായി. ശ്രീലങ്കൻ ഉന്നത വിദ്യാഭ്യാസ ഡെപ്യൂട്ടി മന്ത്രി മധുര സെനവിരത്നെയും ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝായും ചേർന്ന് കോഴ്സ് പാഠ്യപദ്ധതി പ്രകാശനം ചെയ്തു. സമ്മേളനത്തിൽ ഹിന്ദി സാഹിത്യം, വിദ്യാഭ്യാസം, ശ്രീലങ്കയിലെ ഹിന്ദി ഉപയോഗം എന്നിവയുൾപ്പെടെ വിവിധ പാനൽ ചർച്ചകൾ നടന്നു.

&&&&&&&&&&&&&&&&&&

## ANUPRIYA PATEL – HINDI DIWAS

വിവിധ രാജ്യങ്ങളിൽ നിന്നുള്ള കൂടുതൽ ആളുകൾ ഇപ്പോൾ ഹിന്ദി പഠിക്കാൻ ആഗ്രഹിക്കുന്നതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി അനുപ്രിയ പട്ടേൽ . ഹിന്ദി എന്നത് കേവലം ഭാഷാ മാത്രമല്ലെന്നും രാജ്യത്തെ ഒന്നിച്ചുനിർത്തുന്ന ഏകീകൃത നൂലിഴയാണെന്നും അവർ

പറഞ്ഞു. വിശ്വ ഹിന്ദി ദിവസിനോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി.

&&&&&&&&&&&&&&&&&&&

## ISRO–CHAIRMAN

സ്പേസ് ഡോക്കിംഗിൻ്റെ തീയതി ഏതാനും ദിവസങ്ങൾക്കുള്ളിൽ തീരുമാനിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥ് . ഉപഗ്രഹങ്ങൾ സുരക്ഷിതമാണെന്നും വിക്ഷേപണ തീയതി ഉടൻ തീരുമാനിക്കുമെന്നും അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു. ജനുവരി അവസാനത്തോടെ ഐഎസ്ആർഒ ഷെഡ്യൂൾ ചെയ്യുന്ന നൂറാമത്തെ ഉപഗ്രഹ വിക്ഷേപണമായിരിക്കും Navic എന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&